മുദ്രകൾ

# ആ കപ്പൽ 2025–ൽ മുങ്ങും

**'അമേരിക്കൻ** മേൽക്കോയ്മയുടെ സൂര്യൻ 2025–ൽ അസ്തമിക്കും'– ബ്രിട്ടീഷ് പത്രമായ *ദ ഗാർഡിയ*നിൽ വന്ന ഒരു ലേഖനത്തിന്റെ തലക്കെട്ടാണിത്. 2004–ൽ അമേരിക്കൻ രഹസ്യാന്വേഷണ വിഭാഗം തയാറാക്കിയ ഒരു റിപ്പോർട്ടിനെ അവലംബിച്ചായിരുന്നു ലേഖനം. ഏകധ്രുവലോകം അവസാനിക്കുമെന്നും ചൈന, ഇന്ത്യ, ബ്രസീൽ പോലുള്ള രാഷ്ട്രങ്ങൾ മേധാവിത്വം പങ്കുവെക്കുന്ന ബഹുധ്രുവ ലോകം വരാനിരിക്കുന്നുവെന്നും ഈയൊരു പരിതസ്ഥിതിയിൽ അമേരിക്കൻ താൽപര്യങ്ങൾ എങ്ങനെ സംരക്ഷിക്കാനാവുമെന്നുമായിരുന്നു റിപ്പോർട്ടിന്റെ ഉള്ളടക്കം. രാഷ്ട്രീയമേധാവിത്വം മാത്രമല്ല, സാമ്പത്തിക–സൈനിക മേധാവിത്വവും അമേരിക്കക്ക് നഷ്ടമാവുമെന്നായിരുന്നു മുന്നറിയിപ്പ്. കഴിഞ്ഞ ആറ് വർഷത്തെ ലോകരാഷ്ട്രീയ ചലനങ്ങൾ റിപ്പോർട്ടിനെ സാധൂകരിക്കുന്ന വിധത്തിലാണ്.




സൈനികമായി അമ്പേ പരാജയമാണ് അമേരിക്കയുടെ അഫ്ഗാൻ ഇടപെടൽ. മാനം പോകാതെ അഫ്ഗാനിൽ നിന്ന് എങ്ങനെ തലയൂരാം എന്ന് മാത്രമാണ് ഇപ്പോൾ അമേരിക്ക ചിന്തിക്കുന്നത്. ഒരു പതിറ്റാണ്ട് പിന്നിട്ടിട്ടും ഇറാഖിന്റെ നിയന്ത്രണം പിടിക്കാൻ അമേരിക്കക്ക് കഴിയുന്നില്ല; വൻ സൈന്യത്തിന്റെയും പടക്കോപ്പുകളുടെയും അകമ്പടി ഉണ്ടായിട്ടും. ഇനിയൊരു സൈനിക ഇടപെടലിനും കെൽപില്ലാത്തവിധം അമേരിക്ക അഫ്ഗാൻ–ഇറാഖ് ചതുപ്പ് നിലങ്ങളിൽ കുടുങ്ങിപ്പോയിരിക്കുന്നു. അമേരിക്കൻ സൈന്യം എന്നു കേട്ടാൽ മുട്ടുവിറക്കുന്ന കാലം കഴിഞ്ഞെന്നാണ് ഇതു നൽകുന്ന സൂചന.

ജോർജിയക്കെതിരെ റഷ്യ നടത്തിയ ആക്രമണം അമേരിക്കയുടെ രാഷ്ട്രീയ പാപ്പരത്തം വിളിച്ചോതുന്നതായിരുന്നു. ഏതു പ്രതിസന്ധിയിലും അമേരിക്ക തങ്ങളെ സംരക്ഷിക്കുമെന്ന ജോർജിയയുടെ പ്രതീക്ഷയാണ് നിലംപൊത്തിയത്. കാഴ്ചക്കാരുടെ റോളിലായിരുന്നു അമേരിക്കയും യൂറോപ്യൻ രാഷ്ട്രങ്ങളും.

അമേരിക്കൻ രഹസ്യാന്വേഷണ വിഭാഗം 2004–ൽ റിപ്പോർട്ട് തയാറാക്കുമ്പോൾ, അമേരിക്കൻ സമ്പദ്ഘടന ചീട്ടുകൊട്ടാരം പോലെ തകർന്നു വീഴുമെന്ന് ഒട്ടും കരു

തിയിരിക്കില്ല. 115 പ്രമുഖ അമേരിക്കൻ ബാങ്കുകളാണ് ഇതിനകം പൂട്ടിയത്. പല ബാങ്കുകളും തകർച്ചയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു.

ജോൺ ഗ്രേ, റോബർട്ട് ഫിസ്ക് തുടങ്ങിയ നിരവധി രാഷ്ട്രീയ നിരീക്ഷകർ അമേരിക്കൻ ആധിപത്യത്തിന്റെ കാലം കഴിഞ്ഞെന്ന് ഉറച്ചു വിശ്വസിക്കുന്നു. അമേരിക്കയിൽ ജനപക്ഷ ചരിത്ര രചന നടത്തി വിശ്രുതനായ ഹൊവാർഡ് സീൻ പറയുന്നത് കാണുക: "മധ്യപൗരസ്ത്യ ദേശത്ത് അമേരിക്കൻ ആധിപത്യത്തിന്റെ മൂർധന്യം നാം കണ്ടുകഴിഞ്ഞു. ഇനി പിൻമടക്കമാണ്. ലാറ്റിനമേരിക്കയിൽ അമേരിക്കക്ക് പ്രതീക്ഷകളുണ്ടെന്ന് ഞാൻ കരുതുന്നില്ല. അതിന്റെ ശക്തിയത്രയും അത് വിനിയോഗിച്ചു കഴിഞ്ഞു. ഇറാഖിൽ നിന്നുള്ള സൈനിക പിന്മാറ്റം അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ തകർച്ചയുടെ ആരംഭമായിരിക്കും. സ്വന്തം രാഷ്ട്ര പരിധിയിൽ ഒതുങ്ങിക്കൂടാൻ അത് നിർബന്ധിതമാകും. അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ അടിക്കല്ലിളകിയത് 2001 സെപ്റ്റംബർ 11-ലെ ആക്രമണത്തോടെയാണെന്ന് ഞാൻ കരുതുന്നു."

കുവൈത്തിൽനിന്നിറങ്ങുന്ന *അൽമുജ്തമഅ്* വാരികയുടെ കവർസ്റ്റോറി (2009 നവംബർ 13) അമേരിക്കയെന്ന ഈ മുങ്ങുന്ന കപ്പലിനെക്കുറിച്ചാണ്. ഇതു സംബന്ധമായി മൂന്ന് ലേഖനങ്ങൾ വാരികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ■

# ശമ്പള വീരന്മാർ!



■ മസ്ഊദ് ബർസാനി

**ഇറാഖിലെ** സ്ത്രീകൾ ജീവിക്കാൻ വേണ്ടി മാനം വിൽക്കുന്നതൊന്നും അവിടത്തെ ഭരണാധികാരികളുടെ ശമ്പളത്തെ തെല്ലും ബാധിക്കുകയില്ല. കെട്ടുകഥയോ എന്ന് തോന്നിപ്പിക്കുംവിധം ഭീമമായ തുകയാണ് ഓരോരുത്തനും ശമ്പളയിനത്തിൽ അടിച്ചു മാറ്റുന്നത്. കുർദിസ്താൻ പ്രവിശ്യയുടെ പ്രസിഡന്റ് മസ്ഊദ് ബർസാനിയുടെ മാസാന്ത ശമ്പളം എത്രയെന്നോ, നാല് ലക്ഷം ഡോളർ! അമേരിക്കൻ പ്രസിഡന്റ് ബറാക് ഒബാമയുടെ ശമ്പള ബത്താദികൾ എല്ലാം ചേർന്നാൽ ഇത്ര സംഖ്യ ഒത്തുവരണമെങ്കിൽ ഒരു വർഷം തികയണം. ഒബാമയുടെ മാസ ശമ്പളം 33,333 ഡോളർ. കുർദിസ്താൻ പ്രവിശ്യയുടെ വാർഷിക ബജറ്റ് 8 ബില്യനിൽ കവിയില്ല എന്നോർക്കണം; അമേരിക്കയുടെ വാർഷിക ബജറ്റ് 14.264 ട്രില്യനും.

ഇറാഖ് പ്രസിഡന്റ് ജലാൽ ത്വാലിബാനി കുറെകൂടി മുമ്പിലാണ്. മാസ ശമ്പളം ഒരു മില്യൻ ഡോളർ! ലോകത്തെ മറ്റൊരു ഭരണാധികാരിയും ബർസാനിയുടെയും ത്വാലിബാനിയുടെയും അടുത്തെങ്ങുമെത്തില്ല. ഫ്രഞ്ച് പ്രസിഡന്റ് സർക്കോസിക്ക് 2,65000 ഡോളറും ജർമൻ ചാൻസലർ മിർകലിന് 25,250 ഡോളറും ജപ്പാൻ പ്രധാനമന്ത്രിക്ക് 16,500 ഡോളറുമാണ് മാസ ശമ്പളം. ■

# മതപ്രബോധകരായി സ്ത്രീകൾ

**മൊറോക്കോയിലെ** വഖ്ഫ് മന്ത്രാലയം മതപ്രബോധകരായി സ്ത്രീകളെ നിയമിക്കാൻ തീരുമാനിച്ചത് പൊതുവെ സ്വാഗതം ചെയ്യപ്പെടുകയാണ്. മുസ്‌ലിം ലോകത്ത് ഇത്തരമൊരു നീക്കം ആദ്യമാണ്. ഇസ്‌ലാമിസ്റ്റ് ആഭിമുഖ്യമുള്ള പണ്ഡിതന്മാരെ തഴ

യാൻ വേണ്ടിയാണതെന്ന് വിമർശനമുണ്ട്. എങ്കിലും മുസ്‌ലിം സ്ത്രീകൾക്ക് വലിയൊരു അവസരം തുറന്നു കൊടുക്കുന്നു എന്ന നിലക്ക് ഇതിനെ ക്രിയാത്മക ചുവടുവെപ്പായി തന്നെ കാണാം.




മൊറോക്കോ വഖ്ഫ് മന്ത്രാലയത്തിന്റെ പ്രതിനിധി ഡോ. മുസ്ത്വഫാ ബ്നു ഹംസ, ഈ നീക്കത്തിന് ഇസ്‌ലാമിക ചരിത്രത്തിന്റെ പിൻബലമുണ്ടെന്ന് സമർഥിക്കുന്നു. പ്രവാചകന്റെ മരണശേഷം സംശയദൂരീകരണത്തിനുള്ള മുഖ്യ അവലംബം അവിടുത്തെ പത്നിയായ ആഇശ(റ) ആയിരുന്നു. പ്രഗത്ഭ സ്വഹാബി അബൂ മൂസൽ അശ്അരി പറയുകയുണ്ടായി: "ഞങ്ങൾ പ്രവാചക ശിഷ്യർക്ക് ഒരു പ്രവാചകവചനത്തെക്കുറിച്ച് എന്തെങ്കിലും അവ്യക്തത ഉണ്ടായാൽ, ആഇശ(റ)യുടെ അടുത്ത് അതിനെക്കുറിച്ച് കൃത്യമായ വിവരം ഉണ്ടാകാതിരിക്കില്ല." മതകാര്യങ്ങളിൽ അവർ ഉദ്ബോധനവും സംശയനിവാരണവും നടത്തിയിരുന്നു എന്നാണല്ലോ ഇതിൽനിന്ന് വ്യക്തമാവുന്നത്.

മറ്റൊരു ന്യായം കൂടി അദ്ദേഹം മുന്നോട്ടുവെക്കുന്നു: സ്ത്രീകൾ പൊതുവെ സംസാര പ്രിയരാണ്. ഈ കഴിവ് മത പ്രബോധനത്തിന് ഉപയോഗപ്പെടുത്തിയാൽ അത് സമൂഹത്തിന് വലിയ മുതൽക്കൂട്ടാവും. നല്ല കാര്യത്തിന് ഉപയോഗിക്കുന്നില്ലെങ്കിലോ? ഏഷണിയും പരദൂഷണവുമായി ആ സംസാരപ്രിയം സമൂഹത്തിന് വലിയ ദോഷം ചെയ്യും. അതാണ് ഇന്ന് നടക്കുന്നതും. ഓരോ വർഷവും പുരുഷന്മാരായ 150 ഇമാമുമാരെയും 50 വനിതാ മതപ്രബോധകരെയും പരിശീലിപ്പിക്കാനാണ് മൊറോക്കോ വഖ്ഫ് മന്ത്രാലയം തീരുമാനിച്ചത്. ഖുർആൻ പകുതിയെങ്കിലും അവർ മനഃപാഠമാക്കിയിരിക്കണം. ഏതെങ്കിലും ഒരു ഇസ്‌ലാമിക വിഷയത്തിൽ പ്രത്യേക പഠനം നടത്തുകയും വേണം.

മതപ്രബോധകയായ സനാ ഫലൂതി ചൂണ്ടിക്കാട്ടിയ പോലെ, സ്വകാര്യ വിഷയങ്ങളിൽ പുരുഷന്മാരായ മതപ്രബോധകരോട് സംശയം ചോദിക്കാൻ സ്ത്രീകൾ മടിക്കും. സ്ത്രീകളാണ് മതപ്രബോധകരെങ്കിൽ പ്രശ്നമില്ലല്ലോ. 2003-ൽ മൊറോക്കോയിലുണ്ടായ സ്ഫോടനങ്ങൾക്ക് ചില പണ്ഡിതന്മാരുടെ തീവ്ര പ്രഭാഷണങ്ങൾ കാരണമായിട്ടുണ്ടെന്ന കണ്ടെത്തലും, സൗമ്യഭാഷികളായ സ്ത്രീകളെ മതപ്രബോധകരായി നിയമിക്കാൻ പ്രചോദനമായിട്ടുണ്ട്. ■

# ടെർമിനേറ്റർ ബുഷ്

**'അന്തകൻ** ബുഷ്' (Bush... Terminateur!) ഫ്രഞ്ച് പത്രപ്രവർത്തകൻ ബെർനാഡ് ലൂ എഴുതിയ പുസ്തകമാണ്. അമേരിക്കയുടെ ഇറാഖ് അധിനിവേശം നേരിൽ കണ്ടവനാണ് ഈ പത്രപ്രവർത്തകൻ. 'അമേരിക്കൻ ജനാധിപത്യത്തിന്റെ ബീഭത്സ മുഖം' ഈ കൃതിയിൽ വായിക്കാം. സദ്ദാം ഹുസൈനോ അൽഖാഇദയോ നശീകരണായുധങ്ങളോ ഒന്നുമല്ല ഇറാഖ് അധിനിവേശത്തിന് പിന്നിൽ. മധ്യപൗരസ്ത്യദേശത്തെ കൈപിടിയിലൊതുക്കാൻ വളരെ നേരത്തെ തയാറാക്കിയ ഗൂഢപദ്ധതിയുടെ നിർവഹണം മാത്രമായിരുന്നു അത്.




സകലതും ചുട്ടെരിക്കുന്ന, ഒരാൾക്കും കീഴടക്കാനാവാത്ത അതിമാനുഷൻ (Terminator) ഒരു ഹോളിവുഡ് നിർമിതിയാണ്. അമേരിക്കയെ ഈ അതിമാനുഷ സ്ഥാനത്ത് പ്രതിഷ്ഠിക്കുകയായിരുന്നു ഹോളിവുഡ് സിനിമകൾ. യുദ്ധവിമാനങ്ങൾ നൽകിയും സൈനിക കേന്ദ്രങ്ങൾ ഷൂട്ടിംഗിന് യഥേഷ്ടം തുറന്നുകൊടുത്തും പെന്റഗൺ ഇത്തരം സിനിമകളെ പാലൂട്ടി വളർത്തുകയും ചെയ്യുന്നു. ഈ സിനിമകൾ ഒരു ജനതയിൽ സൃഷ്ടിക്കുന്ന രോഗാതുരമായ മാനസികാവസ്ഥയാണ് വിയറ്റ്നാം ആക്രമണം മുതൽ അഫ്ഗാൻ അധിനിവേശം വരെ എത്തിനിൽക്കുന്ന കടന്നാക്രമണങ്ങളുടെ യഥാർഥ ഹേതു. അതിന്റെ ഏറ്റവും വൃത്തികെട്ട മുഖമാണ് ബുഷിന്റെ ഭരണകാലമെന്ന് ഗ്രന്ഥകാരൻ സമർഥിക്കുന്നു. ■

## ഡോ. മുസ്ത്വഫാ മഹ്മൂദ്



**പ്രമുഖ** ഈജിപ്ഷ്യൻ സാഹിത്യകാരനും ചിന്തകനുമായ ഡോ. മുസ്ത്വഫാ മഹ്മൂദ് (88) അന്തരിച്ചു. 1953-ൽ വൈദ്യശാസ്ത്ര ബിരുദം നേടിയെങ്കിലും പ്രാക്ടീസ് മാറ്റിവെച്ച് എഴുത്തിനും പഠനത്തിനുമായി സമയം നീക്കിവെക്കുകയായിരുന്നു. നോവൽ, ചെറുകഥ, സഞ്ചാര സാഹിത്യം, തത്ത്വചിന്ത, മതം, രാഷ്ട്രമീമാംസ തുടങ്ങിയ വിവിധ ഇനങ്ങളിലായി 89 കൃതികൾ രചിച്ചു. ഇസ്‌ലാമിക ചിന്തക്കും അദ്ദേഹം വലിയ സംഭാവനകൾ നൽകി. 'ശാസ്ത്രവും വിശ്വാസവും' എന്ന പേരിൽ അദ്ദേഹം അവതരിപ്പിച്ച ടെലിവിഷൻ പരിപാടി 400 എപ്പിസോഡുകൾ പിന്നിട്ടിരുന്നു. ■